## ഇഷ്ടിക നിർമ്മാണ വ്യവസായ മേഖല

ജി. ഒ. (പി) നമ്പർ 127/2011/തൊഴിൽ. *തിരുവനന്തപുരം, 2011 ആഗസ്റ്റ് 19.*

**എസ്. ആർ. ഒ. നമ്പർ 533/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത ആക്ടിന്റെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ചപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2004 മേയ് 18-ാം തീയതിയിലെ 20-ാം നമ്പർ കേരള ഗസറ്റിന്റെ പാർട്ട് I സെക്ഷൻ IV-ൽ എസ്. ആർ. ഒ. നമ്പർ 497/2004 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള 2004 ഫെബ്രുവരി 13-ാം തീയതിയിലെ സ. ഉ. (ആർ. ടി.) നമ്പർ 419/2004/തൊഴിൽ നമ്പർ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും 2011 ഫെബ്രുവരി 5-ാം തീയതിയിലെ 271-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2011 ഫെബ്രുവരി 4-ാം തീയതിയിലെ 29386/ഇ1/2009/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിൻമേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസ്തുത ആക്ടിന്റെ 7-ാം വകുപ്പുപ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശകസമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം, കേരള സർക്കാർ, കേരള സംസ്ഥാനത്തെ ''ഇഷ്ടിക നിർമ്മാണ വ്യവസായ'' മേഖലയിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലിനിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിക്കുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതിമുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

### പട്ടിക

**I. എ. കൈകൊണ്ട് വാർക്കുന്ന ഇഷ്ടിക നിർമ്മാണം—സമയനിരക്കിലുള്ള ജോലിക്ക്**

**8 മണിക്കൂർ ജോലിക്ക് മിനിമം വേതനം**

| *തൊഴിൽ വിഭാഗം* | *അടിസ്ഥാന പ്രതിദിന വേതനം* |
|---|---|
| (1) | (2) |
| (എ) അവിദഗ്ദ്ധ തൊഴിലാളികൾ | |
| 1. ചുമട്ടുതൊഴിലാളികൾ<br>2. ഉണങ്ങിയ ഇഷ്ടിക കളത്തിൽ കൂമ്പാരം കൂട്ടുന്നവർ<br>3. തീയിടുന്നതിന് സഹായിക്കുന്നവർ<br>4. മറ്റ് അസംസ്കൃത വസ്തുക്കൾ കൈകാര്യം ചെയ്യുന്ന അവിദഗ്ദ്ധ തൊഴിലാളികൾ | ₹ 191 |

| (1) | (2) |
|---|---|
| (ബി) <u>അർദ്ധവിദഗ്ദ്ധ തൊഴിലാളികൾ</u> | |
| 1. മണ്ണ് കുഴയ്ക്കുന്നവരും കഷണമാക്കുന്നവരും<br>2. വാർപ്പ് സഹായികൾ<br>3. നനഞ്ഞ ഇഷ്ടികകൾ ഉണക്കുന്നതിന് കളത്തിലേക്ക് ഇടുന്നവർ<br>4. പരിശോധകർ | ₹ 196 |
| (സി) <u>വിദഗ്ദ്ധ തൊഴിലാളികൾ</u> | |
| 1. വാർക്കുന്നവർ<br>2. ചൂള ക്രമപ്പെടുത്തുന്നവർ<br>3. ചൂള കത്തിക്കുന്നവർ | ₹ 200 |

**ബി. കൈകൊണ്ട് വാർക്കുന്ന ഇഷ്ടിക നിർമ്മാണം—പീസ് റേറ്റ് ജോലിക്ക് മിനിമം പീസ് റേറ്റ്**

| | *ജോലിയുടെ പേര്* | *സ്റ്റാൻഡേർഡ് സൈസിലുള്ള 1000 ഇഷ്ടികയുടെ നിർമ്മാണത്തിനുള്ള അടിസ്ഥാന വേതനം* | *ഒരു തൊഴിലാളി ഒരുദിവസം ഉൽപ്പാദിപ്പിക്കേണ്ട ഇഷ്ടികയുടെ എണ്ണം* |
|---|---|---|---|
| 1. | ഇഷ്ടിക വാർക്കൽ | ₹ 109 | 2500 |
| 2. | മണ്ണ് കുഴയ്ക്കൽ | ₹ 105 | 2500 |
| 3. | വാർപ്പ് സഹായി | ₹ 105 | 2500 |
| 4. | ഇഷ്ടികകൾ ഉണക്കുന്നതിന് കളത്തിൽ നിരത്തുന്ന തൊഴിലാളി | ₹ 105 | 2500 |

**II. സിമന്റ്-മണൽ ഇഷ്ടികനിർമ്മാണം—സമയ നിരക്കിലുള്ള ജോലിക്ക് 8 മണിക്കൂർ ജോലിക്ക് മിനിമം വേതനം**

(എ) <u>അവിദഗ്ദ്ധ തൊഴിലാളികൾ</u>

| | |
|---|---|
| 1. മണലും സിമന്റും കുഴയ്ക്കുന്നവർ<br>2. ചുമട്ടുതൊഴിലാളികൾ | ₹ 191 |

(ബി) <u>വിദഗ്ദ്ധ തൊഴിലാളികൾ</u>

| | |
|---|---|
| 1. ഇഷ്ടിക വാർപ്പുകാർ | ₹ 200 |

**III. യന്ത്രവൽക്കൃത വിഭാഗം**

**എ. സമയനിരക്കിലുള്ള ജോലിക്ക്**

**8 മണിക്കൂർ ജോലിക്ക് മിനിമം വേതനം**

(എ) അവിദഗ്ദ്ധ തൊഴിലാളികൾ

| | |
|---|---|
| 1.. ചുമട്ടുതൊഴിലാളികൾ<br>2. ഉണക്കുവാൻ കളത്തിൽ അടുക്കുന്നവർ<br>3. തീയിടുന്നതിന് സഹായിക്കുന്നവർ<br>4. മറ്റ് അസംസ്കൃത വസ്തുക്കൾ കൈകാര്യം ചെയ്യുന്നവർ | ₹ 191 |

(ബി) അർദ്ധവിദഗ്ദ്ധ തൊഴിലാളികൾ

| | |
|---|---|
| 1. മണ്ണ് കുഴയ്ക്കുന്നവരും കഷണമാക്കുന്നവരും<br>2. വാർപ്പ് സഹായികൾ | ₹ 196 |

(സി) വിദഗ്ദ്ധ തൊഴിലാളികൾ

| | |
|---|---|
| 1. വാർക്കുന്നവർ<br>2. ചൂള ക്രമപ്പെടുത്തുന്നവർ<br>3. ചൂള കത്തിക്കുന്നവർ | ₹ 200 |

**ബി. പീസ് റേറ്റ് വിഭാഗം**

| *തൊഴിൽ സ്വഭാവം/ വിഭാഗം* | *അദ്ധ്വാനഭാരം* | *വേതന നിരക്ക്* |
|---|---|---|
| 1. മിക്സർ ഇടൽ | 1 ക്യുബിക് മീറ്റർ | ₹ 108 |
| 2. മിക്സർ അരിയൽ | 1 ക്യുബിക് മീറ്റർ | ₹ 46 |
| 3. പഗ്മിൽ തൊഴിൽ | 1000 എണ്ണം | ₹ 629 |
| 4. കണ്ണറ വയ്ക്കൽ | 1000 എണ്ണം | ₹ 78 |
| 5. കല്ല് ചുമട് | 1000 എണ്ണം | ₹ 245 |
| 6. ചൂള അടുക്കൽ | 1000 എണ്ണം | ₹ 207 |
| 7. ചൂള പൊളിക്കൽ | 1000 എണ്ണം | ₹ 293 |
| 8. ചൂള വേവിക്കൽ | 24 മണിക്കൂറിന് | ₹ 65 |
| 9. വിറക് പൊട്ടിക്കൽ | 1 മെട്രിക് ടൺ | ₹ 457 |
| 10. കയറ്റുജോലി | 1000 എണ്ണം | ₹ 290 |

**IV. ക്ഷാമബത്ത**

(1) എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഒരോ ജില്ലാ ആസ്ഥാനത്തിനുംവേണ്ടി നിശ്ചയിക്കുന്ന ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാനത്തിലാണ് ക്ഷാമബത്ത കണക്കാക്കേണ്ടത്. മേൽക്കാണിച്ച അടിസ്ഥാന

വേതനത്തിന് പുറമേ, എല്ലാ തൊഴിലാളികൾക്കും (പീസ് റേറ്റുകളിലും സമയ നിരക്കിലും ഉള്ള തൊഴിലാളികൾ) കേരള സർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ ആസ്ഥാനത്തിനും വേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃവിലസൂചികയുടെ (1998-99=100) 130 പോയിന്റിനു മുകളിൽ വരുന്ന ഓരോ പോയിന്റിനും 90 പൈസ (തൊണ്ണൂറ് പൈസ) നിരക്കിൽ ക്ഷാമബത്ത നൽകിയിരിക്കേണ്ടതാണ്.

(2) ഇടുക്കി, വയനാട് എന്നീ ജില്ലാ കേന്ദ്രങ്ങൾക്കുവേണ്ടി ഉപഭോക്തൃവില സൂചിക പ്രസിദ്ധീകരിക്കാത്തതിനാൽ, യഥാക്രമം മൂന്നാർ, മേപ്പാടി കേന്ദ്രങ്ങളിലെ ഉപഭോക്തൃവിലസൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

(3) പീസ് റേറ്റുകാർക്ക് നിർദ്ദിഷ്ട അദ്ധ്വാനഭാരം പൂർത്തിയാക്കിയാൽ മാത്രമേ പൂർണ്ണ ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ. നിശ്ചിത അദ്ധ്വാനഭാരം പൂർത്തിയാക്കാത്തവർക്ക് ആനുപാതിക ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

**V.** ഈ വിജ്ഞാപനപ്രകാരം, പ്രതിദിനവേതനം നിശ്ചയിച്ചവരെ സംബന്ധിച്ച് പ്രതിമാസവേതനം, പ്രതിദിന അടിസ്ഥാന വേതനവും ക്ഷാമബത്തയും ചേർന്ന തുകയെ 26 കൊണ്ട് ഗുണിച്ച് കണക്കാക്കേണ്ടതാണ്.

**VI. ഉയർന്ന വേതനത്തിന് സംരക്ഷണം**

ഈ വിജ്ഞാപനപ്രകാരം നിശ്ചയിച്ച വേതനത്തെക്കാൾ ഉയർന്ന വേതനം നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്ക് അപ്രകാരമുള്ള ഉയർന്ന വേതനത്തിന്റെ ആനുകൂല്യം തുടർന്നും അനുഭവിക്കുന്നതിനുള്ള അർഹതയുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അനിൽ, എക്സ്.,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

സംസ്ഥാനത്തെ ഇഷ്ടികനിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലിനിരക്കുകൾ 2004 ഫെബ്രുവരി 13-ാം തീയതിയിലെ ജി.ഒ. (ആർടി.) നമ്പർ 419/2004/തൊഴിൽ എന്ന നമ്പർ വിജ്ഞാപനപ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. 1948-ലെ മിനിമം വേതന ആക്ടിലെ 3(1) (ബി) വകുപ്പ് പ്രകാരം നിലവിലുള്ള നിരക്കുകൾ പുതുക്കി നിശ്ചയിക്കുവാൻ ഇപ്പോൾ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.